കേര കർഷകർക്ക് സഹായം

108 [389] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:

,, പി. കെ. കെ. ബാവ:

,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണ്ഡരി രോഗംമൂലം തെങ്ങയുടെ ഉത്പാദനം കുറഞ്ഞത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പകരം തെങ്ങുകൾ നട്ടു പിടിപ്പിക്കുന്നതിന് കേരകർഷകർക്ക് സഹായം നൽകുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി ആന്റ് സി) കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പകരം തെങ്ങുകൾ വച്ചുപിടിപ്പിക്കുന്നതിന് കർഷകർക്ക് നാളികേര വികസന ബോർഡ് പദ്ധതിപ്രകാരം തെങ്ങൊന്നിന് 250 രൂപ നൽകുന്നുണ്ട്. കൂടാതെ ടെക്നോളജി മിഷൻ പദ്ധതിയനുസരിച്ച് തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് തെങ്ങൊന്നിന് 250 രൂപ നൽകിവരുന്നു. കൂടാതെ സംസ്ഥാന നാളികേര വികസന പദ്ധതിപ്രകാരം തൃശ്ശൂരിന് വടക്കുള്ള ജില്ലകളിൽ തെങ്ങിന് രോഗബാധ കണ്ടാലുടൻ വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 500 രൂപ നിരക്കിലും ധനസഹായം നൽകുന്നുണ്ട്.

കോക്കനട്ട് ബോർഡ് സ്കീം

109 [390] ശ്രീ. എ. എൻ. രാജൻ ബാബു:

,, കെ. കെ. ഷാജു:

,, ഉമേഷ് ചള്ളിയിൽ:

,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്കനട്ട് ബോർഡ് സ്കീം അനുസരിച്ച് രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റിയതിന് 2003-2004-ൽ മൊത്തം എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) തെങ്ങുകൾ വെട്ടിമാറ്റിയ കർഷകർക്ക് ഇനിയും ആനുകൂല്യം വിതരണം ചെയ്യാൻ അവശേഷിക്കുന്നത് ഏതൊക്കെ ജില്ലകളിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) ആനുകൂല്യ വിതരണത്തിൽ കാലതാമസം നേരിട്ടതിന്റെ കാരണങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കർഷകർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനാവശ്യമായി താമസിപ്പിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും സമയബന്ധിതമായി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 350.3505 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ കൊടുക്കാനുണ്ട്.

(സി ആന്റ് ഡി) 2003-2004-ലെ ബഡ്ജറ്റിൽ ബന്ധപ്പെട്ട ശീർഷകത്തിൽ ആവശ്യമായ തുക വകകൊള്ളിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നുവെങ്കിലും നടപടി ക്രമം പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. 2004-2005-ലെ സംസ്ഥാന ബഡ്ജറ്റിൽ അധിക തുക ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നാളികേര വികസന ബോർഡിൽ നിന്ന് 2003-2004-ലെ തുക ഈ വർഷത്തേക്ക് റീവാലിഡേഷൻ നടത്തിത്തരുന്നതിനും മുഴുവൻ തുകയും കർഷകർക്ക് കൊടുത്തു തീർക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

കർഷകരുടെ ആനുകൂല്യങ്ങൾ വിതരണം

110 [391] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്കനട്ട് ബോർഡ് സ്കീം അനുസരിച്ച് പ്രദർശന തോട്ടങ്ങൾ നിർമ്മിക്കുന്ന ഇനത്തിൽ കൊല്ലം ജില്ലയിലെ കർഷകരുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപ ഏതൊക്കെ ബ്ളോക്കുകളിലായി വിതരണം ചെയ്യാൻ അവശേഷിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ഡി) ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. ഓച്ചിറ, ചവറ, ഇരവിപുരം, ചാത്തന്നൂർ, കുണ്ടറ, കൊട്ടാരക്കര, അഞ്ചൽ, വെട്ടിക്കവല, ചടയമംഗലം, പുനലൂർ, കരുനാഗപ്പള്ളി, ശാസ്താംകോട്ട, കൊല്ലം എന്നീ ബ്ളോക്കുകളിലായി 24.395 ലക്ഷം രൂപ നൽകുവാനുണ്ട്.

(സി) ബഡ്ജറ്റിലെ ബന്ധപ്പെട്ട ശീർഷകത്തിൽ ആവശ്യമായ തുക വകകൊള്ളിക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നടപടി സ്വീകരിച്ചിരുന്നുവെങ്കിലും നടപടിക്രമം പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly